"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തസ്വഭവ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

G.O.(Rt) No.2383/2020/LSGD തീയതി, തിരുവനന്തപുരം, 22/12/2020

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.10.2020-ലെ ഡി.ബി1/ 2484/2009/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ, കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവ് പ്രകാരം വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തേണ്ടതായിട്ടുണ്ടെന്നും കൂടാതെ, ടി ഓഫീസ് കാമ്പൗണ്ടിൽ അനധികൃതമായ പാർക്കിംഗിനും നിയന്ത്രണം ഏർപ്പെടുത്താൻ 24.08.2020-ന് ലാന്റ് റവന്യൂ കമ്മീഷണറുടെ ചേമ്പറിൽ ചേർന്ന പബ്ലിക് ഓഫീസ് എസ്റ്റേറ്റ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട് എന്നും ആയതിനാൽ തസ്വഭവ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ദിവസ വേതനാടിസ്ഥാത്തിൽ ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയോഗിക്കുവാനും, ടിയാന്റെ വേതനം "02-wages-5 daily wages" എന്ന ശീർഷകത്തിൽ നിന്ന് ചിലവഴിക്കാനും അനുവദിക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

തസ്വഭവ ചീഫ് എഞ്ചിനീയർ വിവരിക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടി ഓഫീസിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയോഗിക്കുവാനും, ടിയാന്റെ വേതനം "02-wages-5 daily wages" എന്ന ശീർഷകത്തിൽ നിന്ന് ചിലവഴിക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :
1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ